©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ (എസ്.ആർ.ഒ. നം. 768/2020, 355/2021) സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം  തീയതി സഭയിൽ സമർപ്പിച്ചത്)

1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റിൻ കീഴിൽ
പുറപ്പെടുവിച്ച ഉത്തരവുകളുടെ (എസ്.ആർ.ഒ. നം. 768/2020, 355/2021)
സൂക്ഷ്മപരിശോധന  സംബന്ധിച്ചുള്ള റിപ്പോർട്ട്

251/2022.

# <u>ഉള്ളടക്കം</u>

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I ( എസ്.ആർ.ഒ. നമ്പർ 768/2020 ) | .. | 4 |
| അനുബന്ധം II ( എസ്.ആർ.ഒ. നമ്പർ 355/2021 ) | .. | 8 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. എം. മണി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ (എസ്.ആർ.ഒ. നമ്പർ 768/2020, 355/2021), സമിതിയുടെ 11-2-2022-ലെ യോഗത്തിൽ പരിശോധിക്കുകയും സഹകരണം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2022 മാർച്ച് 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**

*അദ്ധ്യക്ഷൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

## റിപ്പോർട്ട്

സംസ്ഥാനത്ത് സഹകരണ മേഖലയുടെ ചിട്ടയായ വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നിലവിൽ വന്നതാണ് 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റ് (1969-ലെ 21-ാം ആക്റ്റ്). പ്രസ്തുത ആക്റ്റിലെ 32-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ലിമിറ്റഡ് നം.4389-ന്റെ ഭരണസമിതിയെ, ജോയിന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), എറണാകുളം പിരിച്ചു വിടുകയും ബാങ്കിൽ അഡ്മിനിസ്‌ട്രേറ്റീവ് ഭരണം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത അഡ്മിനിസ്‌ട്രേറ്റീവ് ഭരണത്തിന്റെ കാലാവധി ദീർഘിപ്പിച്ചതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളാണ് 2-11-2020-ലെ സ. ഉ. (പി.) നമ്പർ 145/2020/ സഹകരണ. (എസ്.ആർ.ഒ.നമ്പർ 768/2020-അനുബന്ധം I ), 30-3-2021-ലെ സ. ഉ. (പി.) നമ്പർ 66/2021/ സഹകരണ. (എസ്.ആർ.ഒ.നമ്പർ 355/2021 -അനുബന്ധം II)

### എസ്.ആർ.ഒ. നമ്പർ 768/2020

2. 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റിലെ വകുപ്പ് 32(1) പ്രകാരം, ഒരു 'അഡ്മിനിസ്ട്രേറ്ററെയോ' അല്ലെങ്കിൽ ഒരു 'അഡ്മിനിസ്‌ട്രേറ്റീവ് കമ്മിറ്റിയെയോ' രജിസ്ട്രാർക്ക് നിയമിക്കാവുന്നതാണ്. എന്നാൽ, ഖണ്ഡം 1-ൽ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെയാണ് നിയമിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയ സമിതി, ആക്റ്റിന് വിരുദ്ധമായി, 'പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെ' നിയമിക്കുവാനുണ്ടായ കാരണം പരിശോധിക്കുകയുണ്ടായി. ആക്റ്റ് പ്രകാരം, സഹകരണ വകുപ്പ് ജീവനക്കാരെ, അവരിൽ നിക്ഷിപ്തമായ ഔദ്യോഗിക ചുമതലകൾക്ക് പുറമേ അഡ്മിനിസ്ട്രേറ്റർമാരുടെ അധിക ചുമതല നൽകി നിയമിക്കുന്ന രീതി അനുവർത്തിച്ചു പോരുന്നതിനാലാണ് 'പാർട്ട്ടൈം അഡ്മിനിസ്ട്രേറ്റർ' എന്ന വാക്ക് എസ്.ആർ.ഒ.-യിൽ ചേർത്ത് കാണുന്നതെന്ന് സഹകരണ വകുപ്പ് സെക്രട്ടറി സമിതി മുൻപാകെ വ്യക്തമാക്കി. <u>ആക്റ്റിൽ പ്രതിപാദിക്കുന്നതിൽ നിന്നും വിഭിന്നമായി അനുവർത്തിച്ചു പോകുന്ന രീതി ആശാസ്യമല്ലാത്തതിനാൽ ഇത്തരം ഉത്തരവുകൾ ഭാവിയിൽ പ്രസിദ്ധീകരിക്കുന്ന വേളയിൽ, 'പാർട്ട്ടൈം അഡ്മിനിസ്ട്രേറ്റർ' എന്ന വാക്കിനു പകരം 'അഡ്മിനിസ്ട്രേറ്റർ' എന്ന വാക്ക് തന്നെ ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഒരു ജില്ലക്കുള്ളിലെ സംഘങ്ങളുടെ ഭരണനിയന്ത്രണം ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്ക് ഏല്പിച്ചുകൊടുത്തുകൊണ്ട് 1969-ൽ പുറപ്പെടുവിച്ച ഡെലിഗേഷന്റെ പകർപ്പ് ലഭ്യമാക്കണമെന്നുകൂടി സമിതി നിർദ്ദേശിക്കുന്നു.</u>

3. ബാങ്ക് ഭരണ സമിതിയെ പിരിച്ചു വിട്ടുകൊണ്ട് അഡ്മിനിസ്‌ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയതിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ വിജ്ഞാപനം ചെയ്യുന്ന എസ്.ആർ.ഒ-കളിൽ, ആയതുമായി ബന്ധപ്പെട്ട മുൻ ഉത്തരവുകളുടെ വിവരങ്ങൾ

രേഖപ്പെടുത്തിക്കാണുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, ഭാവിയിൽ അത്തരം എസ്.ആർ.ഒ.-കൾ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ, പ്രസ്തുത എസ്.ആർ.ഒ.-കളുമായി ബന്ധപ്പെട്ട ആദ്യ/മുൻ സർക്കാർ ഉത്തരവും തീയതിയും, എസ്.ആർ.ഒ. നമ്പറും, ഗസറ്റ് നമ്പറും തീയതിയും എന്നിവ നിർബന്ധമായും രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ഒരു സംഘത്തിന്റെ അഡ്മിനിസ്ട്രേറ്ററെ നിയമിക്കുമ്പോൾ, ആ സംഘം ഉൾപ്പെടുന്ന വിഭാഗം, സംഘത്തിന്റെ സാമ്പത്തിക സ്ഥിരത എന്നിവ ആധാരമാക്കി, പ്രസ്തുത നിയമനം നടത്തുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

5. ഖണ്ഡം 4-ലെ അവസാന വരിയിലെ 'whichvever' എന്ന വാക്ക് 'whichever' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ഖണ്ഡം 5-ലെ എട്ടാം വരിയിലെ '….. 28th December, 2020' എന്നതിനുശേഷം 'or' എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. അവസാന ഖണ്ഡത്തിലെ എട്ടാം വരിയിലെ 'administrator' എന്നത് 'part-time administrator' എന്നാക്കി ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. പ്രസ്തുത എസ്.ആർ.ഒ. പ്രകാരം അഡ്മിനിസ്ട്രേറ്ററുടെ ആറ് മാസ കാലാവധി (29-6-2020—28-12-2020) ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് എസ്.ആർ.ഒ.നമ്പർ 768/2020 ആയി ഗസറ്റ് വിജ്ഞാപനം ചെയ്തിരിക്കുന്നത് 2-11-2020-ൽ ആണെന്നിരിക്കെ, അതിനുമുൻപുള്ള 29-6-2020 മുതൽ 1-11-2020 വരെയുള്ള കാലയളവിൽ, അഡ്മിനിസ്ട്രേറ്റർക്ക് ഭരണം നടത്തുന്നതിനായി പ്രത്യേക ഉത്തരവുകൾ ഇല്ലായിരുന്നുവെന്ന് സമിതി കണ്ടെത്തുകയും അതിനാൽതന്നെ, പ്രസ്തുത കാലയളവിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിന് നിയമസാധുത ഇല്ലായിരുന്നുവെന്നും വിലയിരുത്തുന്നു. ഭരണം നടത്തുന്നതിനായി, സഹകരണ നിയമപ്രകാരമുള്ള അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ അതത് ഉദ്യോഗസ്ഥർ തന്നെയാണ് ടി സ്ഥാപനത്തിൽ ഭരണം നിർവ്വഹിച്ചുപോരുന്നതെന്നും എന്നാൽ ആയത് നിയമാനുസൃതമല്ലെന്ന കാര്യം അംഗീകരിക്കുന്നതായും സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുൻപാകെ ബോധിപ്പിച്ചിരുന്നു.

9. സർക്കാർ വകുപ്പുകൾ വളരെ ലാഘവത്തോടെയാണ് ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നതെന്നും പൊതുതാല്പര്യം മുൻനിർത്തിയല്ലാതെയുള്ള ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ, സഹകരണ വകുപ്പ് കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു.

10. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പൊതുജന താല്പര്യം എന്താണെന്ന് കൃത്യമായി പരാമർശിക്കണമെന്ന് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ആയത് പ്രസ്തുത ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ, ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നമ്പർ 355/2021**

11. ഖണ്ഡം 5-ലെ അഞ്ചാം വരിയിലെ 'whichvever' എന്ന വാക്ക് 'whichever' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ഖണ്ഡം 6-ലെ എട്ടാം വരിയിലെ '….. 28th June, 2021' എന്നതിനു ശേഷം 'or' എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. പ്രസ്തുത എസ്.ആർ.ഒ.-യുടെ 'By Order of the Governor,' എന്നതിന്റെ തൊട്ട് താഴെയുള്ള 'MINI ANTONY IAS' എന്നതിലെ 'IAS' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ ഭരണ സമിതിയെ പിരിച്ചുവിട്ടുകൊണ്ട് 29-6-2019 മുതൽ തുടർന്നു വരുന്ന അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുപോകുന്ന സർക്കാർനടപടി, ഉചിതമല്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് പ്രസ്തുത ബാങ്കിൽ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിനായി ഇലക്ഷൻ നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**എം. എം. മണി,**

*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2020 നവംബർ 02<br>02nd November 2020<br>1196 തുലാം 17<br>17th Thulam 1196<br>1942 കാർത്തികം 11<br>11th Karthika 1942 | നമ്പർ<br>No. | 2603 |

GOVERNMENT OF KERALA

**Co-operation (B) Department**

ORDER

G.O(P)No.145/2020/Co-op *Dated, Thiruvananthapuram 2nd November, 2020*
*17th Thulam, 1196.*

**S. R. O. No. 768/2020**

WHEREAS, in exercise of the powers conferred by sub-section (1) of section 32 of the Kerala Co-operative Societies Act, 1969 (21 of 1969), the Joint Registrar of Co-operative Societies (General), Ernakulam had superseded the managing committee of the Muvattupuzha Primary

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Co-operative Agricultural and Rural Development Bank Ltd. No.4389 in Ernakulam District and had appointed a part-time administrator to manage the affairs of the said Bank.

AND WHEREAS, under sub-section (1) of Section 32 of said Act, the term of an administrator or administrative committee appointed to manage the affairs of a society shall not exceed six months in the aggregate; provided that in the case of a co-operative society, carrying on the business of banking, appointment of administrator or administrative committee shall not exceed one year in aggregate;

AND WHEREAS, the said term of one year of the part-time administrator appointed under sub-section (1) of section 32 of the said Act to manage the affairs of the Muvattupuzha Primary Co-operative Agricultural and Rural Development Bank Ltd. No.4389 in Ernakulam District expired on 28th June, 2020;

AND WHEREAS, the Registrar of Co-operative Societies has reported that the election of the Board of Directors of the said society could not be conducted within the extended period and has requested to extend the term of the part-time administrator for a further period of six months from 29th June, 2020 to 28th December, 2020 or till a newly elected committee enters upon office,whichvever is earlier to avoid administrative vacuum in the said society;

AND WHEREAS, the Government have examined the matter in detail and are satisfied that it is necessary, in public interest, to direct that the provisions of sub-section (1) of section 32 of the said Act shall apply to the Muvattupuzha Primary Co-operative Agricultural and Rural Development

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Bank,Ltd.No.4389 in Ernakulam District with certain modifications and to permit the Registrar of Co-operative Societies to extend the term of the part-time administrator appointed to manage the affairs of the said Bank for a further period of six months from 29th June, 2020 to 28th December, 2020 till a newly elected committee enters upon office, whichever is earlier to avoid administrative vacuum;

NOW, THEREFORE, in exercise of the powers conferred by Section 101 of the Kerala Co-operative Societies Act, 1969 (21 of 1969), the Government of Kerala hereby direct that the provisions of sub-section (1) of section 32 of the said Act shall apply to the Muvattupuzha Primary Co-operative Agricultural and Rural Development Bank Ltd.No.4389 in Ernakulam District with the modification of substituting the words "one year and six months" for the words "six months" for the purpose of enabling the Registrar of Co-operative Societies to extend the term of the administrator appointed to manage the affairs of the said Bank for a further period of six months from 29th June, 2020 to 28th December, 2020 or till a newly elected committee enters upon office whichever is earlier, to avoid administrative vacuum.

By Order of the Governor,

**P.S.RAJESH,**

*Additional Secretary to Government.*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The term of one year of the part-time administrator appointed under sub-section(1) section 32 of the Kerala Co-operative Societies Act, 1969 (21 of 1969), to manage the affairs of the Muvattupuzha Primary

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Co-operatiuve Agricultural and Rural Development Bank Ltd.No.4389 in Ernakulam District expired on 28th June, 2020. The Registrar of Co-operative societies has reported that, the election to the Board of Directors of the said Bank could not be conducted within extended period and has requested to extend the term of part-time administrator appointed to manage the affairs of the said Bank for a further period of six months from 29th June, 2020 to 28th December, 2020 to avoid administrative vacuum in the said Bank. The Government have examined the matter in detail and are satisfied that it is necessary, in public interest, to direct that the provisions of sub-section (1) of section 32 of the said Act shall apply to the Muvattupuzha Primary Co-operatiuve Agricultural and Rural Development Bank,Ltd.No.4389 in Ernakulam District with certain modifications and to permit the Registrar of Co-operative Societies to extend the term of the part-time administrator appointed to manage the affairs of the said Bank for a further period of six months from 29th June, 2020 to 28th December, 2020 or till a newly elected committee enters upon office, whichever is earlier to avoid administrative vacuum in the said Bank;

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Saim A
Date:2020.11.02 05:57:31 +05:30

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2021 ഏപ്രിൽ 12<br>12th April 2021<br>1196 മീനം 29<br>29th Meenam 1196<br>1943 ചൈത്രം 22<br>22nd Chaithra 1943 | നമ്പർ<br>No. | 1414 |


## GOVERNMENT OF KERALA

**Co-operation (B) Department**

ORDER

G.O.(P) No.66 /2021/Co-op *Dated, Thiruvananthapuram, 30th March, 2021.*

**S. R. O. No. 355/2021** *16th Meenam, 1196.*

WHEREAS, in exercise of the powers conferred by sub-section (1) of section 32 of the Kerala Co-operative Societies Act, 1969 (21 of 1969), the Joint Registrar of Co-operative Societies (General), Ernakulam had superseded the managing committee of the Muvattupuzha Primary Co-operative Agricultural and Rural

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Development Bank Limited No.4389 in Ernakulam District and had appointed a part-time administrator to manage the affairs of the said Bank.

AND WHEREAS, under sub-section (1) of section 32 of said Act, the term of an administrator or administrative committee appointed to manage the affairs of a society shall not exceed six months in the aggregate; provided that in the case of a co-operative society, carrying on the business of banking, appointment of administrator or administrative committee shall not exceed one year in aggregate;

AND WHEREAS, the said term of one year of the part-time administrator appointed under sub-section (1) of section 32 of the said Act to manage the affairs of the Muvattupuzha Primary Co-operative Agricultural and Rural Development Bank Limited No.4389 expired on 28th June, 2020;

AND WHEREAS, the term of the part-time administrator of the said Bank was extended further for a period of six months from 29th June, 2020 to 28th December, 2020 in pursuane of notification issued under G.O(P) No.145/2020/Co-op dated 2nd November, 2020 and published as S.R.O. No. 768/2020 in the Kerala Gazette Extraordinary No. 2603 dated 2nd November, 2020 and the period so extended expired on 28th December, 2020;

AND WHEREAS, the Registrar of Co-operative Societies has reported that the election of the Board of Directors of the said society could not be conducted within the extended period and has requested to extend the term of the part-time administrator for a further period of six months from 29th December, 2020 to 28th June, 2021 or till a newly elected committee enters upon office, whichvever is earlier to avoid administrative vacuum in the said society;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, the Government have examined the matter in detail and are satisfied that it is necessary, in public interest, to direct that the provisions of sub-section (1) of section 32 of the said Act shall apply to the Muvattupuzha Primary Co-operative Agricultural and Rural Development Bank, Limited.No.4389 in Ernakulam District with certain modifications and to permit the Registrar of Co-operative Societies to extend the term of the part-time administrator appointed to manage the affairs of the said Bank for a further period of six months from 29th December, 2020 to 28th June, 2021 till a newly elected committee enters upon office, whichever is earlier to avoid administrative vacuum;

NOW, THEREFORE, in exercise of the powers conferred by Section 101 of the Kerala Co-operative Societies Act, 1969 (21 of 1969), the Government of Kerala hereby direct that the provisions of sub-section (1) of section 32 of the said Act shall apply to the Muvattupuzha Primary Co-operative Agricultural and Rural Development Bank Ltd.No.4389 in Ernakulam District with the modification of substituting the words "Two years" for the words "six months" for the purpose of enabling the Registrar of Co-operative Societies to extend the term of the part-time administrator appointed to manage the affairs of the Muvattupuzha Primary Co-operative Agricultural and Rural Development Bank Limited No.4389 for a further period of six months from 29th December, 2020 to 28th June, 2021 or till a newly elected committee enters upon office whichever is earlier, to avoid administrative vacuum.

By Order of the Governor,

**MINI ANTONY IAS**
*Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The term of one year of the part-time administrator appointed under sub-section(1) section 32 of the Kerala Co-operative Societies Act, 1969(21 of 1969), to manage the affairs of the Muvattupuzha Primary Co-operatiuve Agricultural and Rural Development Bank Limited No.4389 in Ernakulam District expired on 28th June, 2020 and the said period was further extended for a period of six months, as per notification issued under G.O(P) No. 145/2020/Co-op. Dated 2nd November, 2020 and published as S.R.O. No. 768/2020 in the Kerala Gazette Extraordinary No. 2603 dated 2nd November, 2020 and the period so extended also expired on 28th December, 2020. The Registrar of Co-operative societies has reported that, the election to the Board of Directors of the said Bank could not be conducted within extended period and has requested to extend the term of part-time administrator appointed to manage the affairs of the said Bank for a further period of six months from 29th December, 2020 to 28th June, 2021 to avoid administrative vacuum in the said Bank. The Government have examined the matter in detail and are satisfied that it is necessary, in public interest, to direct that the provisions of sub-section (1) of section 32 of the said Act shall apply to the Muvattupuzha Primary Co-operatiuve Agricultural and Rural Development Bank, Limited.No. 4389 in Ernakulam District with certain modifications and to permit the Registrar of Co-operative Societies to extend the term of the part-time administrator or administrative committee appointed to manage the affairs of the said Bank for a further period of six months from 29th December, 2020 to 28th June, 2021 or till a newly elected committee enters upon office, whichever is earlier to avoid administrative vacuum in the said Bank;

The order is intended to achieve the above object.

---

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.04.12 02:42:48 +05:30